വിൽപന പ്രതീക്ഷിക്കുന്നു. താമസിയാതെ കോഴിക്കോട്ടും അചിരേണ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും ഡിപ്പോകൾ തുറക്കാൻ കഴിയും.

(ഡി)&(ഇ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ വിവിധ പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെ 20 ലക്ഷം രൂപയുടെ മുഖവിലയുള്ള പുസ്തകങ്ങൾ ബുക്ക്മാർക്ക് വിറ്റഴിക്കുകയുണ്ടായി. ബുക്ക്മാർക്ക് വഴി താഴെ പറയുന്ന പ്രസിദ്ധീകരണസ്ഥാപനങ്ങളുടെ പുസ്തകങ്ങളാണു വിറ്റഴിക്കുന്നത്.

1. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
2. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
3. സർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്.
4. സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്
5. കേരള ഗസറ്റിയേഴ്സ്
6. കേരള സാഹിത്യ അക്കാദമി
7. കേരള സംഗീത നാടക അക്കാദമി
8. ലളിത കലാ അക്കാദമി
9. ഗവൺമെന്റ് പ്രസ്സ്
10. കേരള സർവകലാശാല

(എഫ്) സംസ്ഥാനത്തിന്റെ മദ്ധ്യഭാഗത്ത് എറണാകുളം ജില്ലയിൽ ഒരു വിൽപനകേന്ദ്രം മാർച്ച് മാസത്തിൽ ആരംഭിച്ചു. കൂടുതൽ വിൽപനകേന്ദ്രങ്ങൾ തുടങ്ങുന്നത് സൗകര്യപ്രദമായ സ്ഥലത്തിന്റെ ലഭ്യത അനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക നില അനുസരിച്ചും തീരുമാനിക്കുന്നതാണ്.

23 (*307) മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങൾ

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങളുണ്ട്;

(ബി) ഇവയിൽ എത്ര സംഘങ്ങളിലെ ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്;

(സി) അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ട് എത്ര കാലമായി എന്ന് വെളിപ്പെടുത്തുമോ;

(ഡി) അഡ്മിനിസ്ട്രേറ്റർ ഭരണം നിലനിൽക്കുന്ന മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളുടെ ഭരണ സമിതിയിലേക്ക് എന്ന് തെരഞ്ഞെടുപ്പു നടക്കുമെന്ന് അറിയിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) 792

(ബി) 4 സംഘങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly

(സി) 1 വർഷം മുതൽ രണ്ടേകാൽ വർഷം വരെയായി.

(ഡി) സംഘങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുകയും ദൈനം ദിന പ്രവർത്തനങ്ങൾ ശരിയാംവണ്ണം നടത്തുന്നതിനുള്ള സാഹചര്യം സംജാ തമാകുകയും ചെയ്യുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പു നടത്തുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1635) ഫിഷിംഗ് ഹാർബറുകൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഏതെല്ലാം ഫിഷിംഗ് ഹാർബറുകളുടെ പണിയാണ് ആരംഭിച്ചിരുന്നതെന്ന് വെളിപ്പെടു ത്തുമോ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് ഏതെല്ലാം പുതിയ ഫിഷിംഗ് ഹാർബറിന്റെ പണി ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ഫിഷിംഗ് ഹാർബറുകളുടെ പണി പൂർത്തിയാക്കിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം, തങ്കശ്ശേരി, മുനമ്പം, ചോംപാൽ, മോപ്ലാബേ

(ബി) കായംകുളം

(സി) മുനമ്പം, മോപ്ലാബേ, ചോംപാൽ എന്നീ മത്സ്യബന്ധന തുറമു ഖങ്ങളുടെ പണി പൂർത്തിയാക്കി ഏപ്രിൽ അവസാനത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയും.

2 (1636) ഫിഷ്‌ലാന്റിംഗ് സെന്ററുകൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയായിട്ടും പ്രവർത്തനം ആരംഭിക്കാത്ത ഫിഷ്‌ലാന്റിംഗ് സെന്ററുകൾ സംസ്ഥാനത്തുണ്ടോ:

(ബി) എങ്കിൽ അത്തരം സെന്ററുകൾ ഏതെല്ലാമെന്ന് വ്യക്തമാ ക്കുമോ;

(സി) ഇവ പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ:

(ഡി) ഇവ പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്;

(ഇ) നിർമ്മാണം ആരംഭിച്ച് പണി പൂർത്തിയാകാതെ കിടക്കുന്ന ഫിഷ്‌ലാന്റ് സെന്ററുകൾ ഇപ്പോൾ ഉണ്ടോ; വിശദവിവരം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly